ഹദീസ്

ഡോ. കെ. മുഹമ്മദ് പാണ്ടിക്കാട്
mhdpkd@gmail.com

# ദീർഘായുസ്സിലെ ലാഭനഷ്ടങ്ങൾ

عَنْ نَفِيعِ بْنِ حَارِثٍ الثَّقَفِي رَضِيَ اللهُ تَعَالَى عَنْهُ قَالَ : أَنَّ رَجُلًا قَالَ يَا رَسُولَ اللهِ أَيُّ النَّاسِ خَيْرٌ؟
قَالَ مَنْ طَالَ عُمُرُهُ وَحَسُنَ عَمَلُهُ. قَالَ: فَأَيُّ النَّاسِ شَرٌّ؟ قَالَ: مَنْ طَالَ عُمُرُهُ وَسَاءَ عَمَلُهُ [الترمذي]

**നഫീഉബ്നു ഹാരിസി(റ)ൽ നിന്ന്. ഒരാൾ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ജനങ്ങളിൽ ഏറ്റവും ഉത്തമൻ ആരാണ്?' റസൂൽ പറഞ്ഞു: 'ദീർഘായുസ്സുള്ളവനും കർമം നന്നായവനും.' പിന്നെയും ചോദിച്ചു: 'ജനങ്ങളിൽ ഏറ്റവും അധമൻ ആരാണ്?' പറഞ്ഞു: 'ദീർഘായുസ്സുള്ളവനും കർമം ചീത്തയായവനും.' (തിർമിദി)**

ദീർഘായുസ്സിന്റെ ഭാഗ്യ നിർഭാഗ്യങ്ങളാണ് ഈ ഹദീസിൽ ചർച്ചചെയ്യുന്നത്. ഒരാൾക്ക് കൂടുതൽ കാലം ജീവിക്കാൻ അവസരം ലഭിക്കുകയും കിട്ടിയ ദിനങ്ങളിലെല്ലാം നന്മ പ്രവർത്തിക്കുകയുമാണെങ്കിൽ അവൻ ഏറ്റവും വലിയ സൗഭാഗ്യവാനാണ്. കൂടുതൽ കാലം ജീവിക്കാൻ അവസരം ലഭിക്കുകയും കിട്ടിയ ദിനങ്ങളിലെല്ലാം തിന്മ പ്രവർത്തിക്കുകയുമാണെങ്കിൽ അവൻ ഏറ്റവും വലിയ ദൗർഭാഗ്യവാനാണ്. അവസരങ്ങളെ സൽക്കർമങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നവനാണ് വിജയം നേടാനാവുക. കാരണം, നഷ്ടപ്പെട്ട ഒരു നിമിഷവും തിരിച്ചെടുക്കാനാവില്ല.

തനിക്ക് അല്ലാഹു നൽകിയ ആയുസ്സിനെ പുണ്യങ്ങൾ പ്രവർത്തിക്കാനായി ഉപയോഗപ്പെടുത്തിയവനാണ് നേട്ടങ്ങൾ കൊയ്യാനാവുക. അബൂഹുറയ്റ (റ)യിൽ നിന്ന്. നബി (സ) പറഞ്ഞു: 'കൂടുതൽ ആയുർ ദൈർഘ്യമുണ്ടായി കൂടുതൽ പുണ്യങ്ങൾ പ്രവർത്തിക്കുന്നവനാണ് നിങ്ങളിൽ ഏറ്റവും ഉത്കൃഷ്ടൻ' (അഹ്മദ്).

മഹത്തായ നന്മകൾ ചെയ്യുന്നതിനെക്കാൾ പുണ്യം, കൂടുതൽ കാലം നന്മകൾ ചെയ്ത് ജീവിക്കുന്നതിലാണെന്ന് വ്യക്തമാക്കുന്ന ഒരു സംഭവം ഹദീസിൽ കാണാം. അബ്ദുല്ലാഹിബ്നു ശദ്ദാദ് നിവേദനം ചെയ്യുന്നു: 'ബനൂ ഉദ്റയിലെ മൂന്നാളുകൾ നബി (സ)യുടെ സന്നിധിയിലെത്തി ഇസ്‌ലാം സ്വീകരിച്ചു. നബി (സ) ചോദിച്ചു: 'ഇവരെ ആരാണ് സംരക്ഷിക്കുക?'

ത്വൽഹ (റ) പറഞ്ഞു: 'ഞാൻ.'

> **ധർമങ്ങളിൽ മുഴുകിയുള്ള ദീർഘായുസ്സിന് വേണ്ടി പ്രാർഥിക്കുന്നതിനും വലിയ പ്രാധാന്യമുണ്ടെന്ന് ഹദീസുകളിൽ നിന്ന് വ്യക്തമാവുന്നുണ്ട്. അനസി(റ)ന് ദീർഘായുസ്സ് നേർന്ന് കൊണ്ടുള്ള നബി(സ)യുടെ പ്രാർഥന വളരെ പ്രസിദ്ധമാണ്.**

അങ്ങനെയവർ ത്വൽഹയുടെ വീട്ടിൽ താമസിച്ചു. ഒരു ദിവസം നബി നിയോഗിച്ച സൈനിക സംഘത്തോടൊപ്പം അവരിലൊരാൾ പുറപ്പെട്ടു. അദ്ദേഹം രക്തസാക്ഷിയായി. പിന്നീട് മറ്റൊരു സംഘത്തെ നിയോഗിച്ചപ്പോൾ ഇവരിലെ വേറൊരാളും പുറപ്പെട്ടു. അദ്ദേഹവും രക്തസാക്ഷിയായി. തുടർന്ന് മൂന്നാമത്തെയാൾ വിരിപ്പിൽ കിടന്ന് സ്വാഭാവിക മരണമാണ് വരിച്ചത്.

ത്വൽഹ പറയുന്നു: 'എന്റെ സംരക്ഷണത്തിലായിരുന്ന ഇവർ മൂന്നാളും സ്വർഗത്തിൽ പ്രവേശിച്ചതായി ഞാൻ സ്വപ്നം കണ്ടു. ഏറ്റവും അവസാനം വിരിപ്പിൽ കിടന്ന് സ്വാഭാവിക മരണം വരിച്ചവനായിരുന്നു അവരിൽ ഏറെ ഉയർന്ന പദവിയിലുണ്ടായിരുന്നത്. അവന്റെ മുമ്പ് രക്തസാക്ഷിയായ ആളായിരുന്നു തൊട്ടടുത്ത സ്ഥാ

> **“ അനുവദിച്ചു കിട്ടിയ ആയുസ്സിനെ ആലസ്യത്തിലും കർമ രാഹിത്യത്തിലും കഴിച്ചു കൂട്ടിയവൻ കടുത്ത വിചാരണക്കും വിധേയനാക്കപ്പെടും. ആയുഷ്ക്കാലം മുഴുവൻ കർമനിരതനായും ആരോഗ്യവാനായും ജീവിക്കാനുള്ള അത്യുൽക്കട ആഗ്രഹവും പ്രാർഥനയും വിശ്വാസിക്ക് ഉണ്ടാവണം.**

നത്ത്. ആദ്യം രക്തസാക്ഷിയായവൻ മൂന്നാമനായിരുന്നു. ഇത് എന്നിൽ സംശയങ്ങളുണ്ടാക്കി.'

ത്വൽഹ തുടരുന്നു:

'ഞാനുടനെ നബി (സ)യുടെ അടുക്കൽ ചെന്ന് ഇക്കാര്യം ഉണർത്തി. നബി(സ) പറഞ്ഞു:

وَمَا أَنْكَرْتَ مِنْ ذَلِكَ ؟ لَيْسَ أَحَدٌ أَفْضَلَ عِنْدَ اللَّهِ مِنْ مُؤْمِنٍ يُعَمَّرُ فِي الْإِسْلَامِ لِتَسْبِيحِهِ وَتَكْبِيرِهِ وَتَهْلِيلِهِ

'അതിലെന്താണ് പുതുമയുള്ളത്? മുസ്‌ലിമായി കൂടുതൽ കാലം ജീവിച്ച് തസ്ബീഹും തക്ബീറും തഹ്‌ലീലും കൂടുതലുള്ള വിശ്വാസി തന്നെയാണ് അല്ലാഹുവിന്റെയടുക്കൽ മഹത്തായ പദവിയിലുള്ളത്' (അഹ്മദ്).

പുണ്യങ്ങൾ പ്രവർത്തിക്കുന്നവർക്ക് ദീർഘായുസ്സ് ലഭിക്കും എന്നൊരു വാഗ്ദാനം കൂടി അല്ലാഹുവിന്റെ റസൂൽ (സ) നൽകുന്നുണ്ട്. അവിടുന്ന് പറഞ്ഞു:

'പ്രാർഥനയല്ലാതെ വിധിയെ മാറ്റുകയില്ല. പുണ്യങ്ങളല്ലാതെ പ്രായം വർധിപ്പിക്കുകയുമില്ല' (തിർമിദി).

സൽക്കർമങ്ങളിൽ നിരതനാവുന്നത് അല്ലാഹു ഒരാൾക്ക് നന്മ ഉദ്ദേശിച്ചതിന്റെ ലക്ഷണമാണ്. റസൂൽ പറഞ്ഞു: 'അല്ലാഹു ഒരു ദാസന് നന്മ ഉദ്ദേശിച്ചാൽ അവന് പ്രത്യേകം ചുമതലകൾ നൽകും.'

'ചുമതലകൾ നൽകുക എന്നാൽ എന്താണ്?' സ്വഹാബികൾ ചോദിച്ചു. 'മരണത്തിന് മുമ്പ് ധാരാളം നന്മകൾ ചെയ്യാനുള്ള അവസരം നൽകപ്പെടും എന്നാണുദ്ദേശ്യം. പിന്നെ പുണ്യങ്ങൾ പ്രവർത്തിക്കുന്നതിനിടയിൽ അവന്റെ ആത്മാവിനെ പിടികൂടുകയും ചെയ്യും' (അഹ്മദ്).

സൽപ്രവർത്തനങ്ങളുമായി കൂടുതൽ കാലം ജീവിക്കാൻ അവസരം ലഭിച്ചവൻ മഹാ സൗഭാഗ്യവാനാണെന്ന് തിരുവചനങ്ങളിൽ നിന്ന് വായിച്ചെടുക്കാനാവും.

അബ്ദുല്ലാഹിബ്നു ബുസ്ർ (റ) പറഞ്ഞു: നബി (സ)യുടെ അടുത്തേക്ക് ഒരു ഗ്രാമീണൻ വന്ന് ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, ജനങ്ങളിൽ ആരാണ് ഉത്തമർ?'

പ്രവാചകൻ പറഞ്ഞു: 'പ്രായം കൂടുതലുള്ളവരും പ്രവർത്തനം നന്നായവരുമായ സകലർക്കും ഭാവുകങ്ങൾ.' അദ്ദേഹം ചോദിച്ചു: 'ഏത് പ്രവർത്തനമാണ് ശ്രേഷ്ഠമായത്?' 'അല്ലാഹുവിന്റെ ദിക്ർ നാവിൽ പച്ചപിടിച്ചിരിക്കെ ഈ ലോകത്തോട് വിട പറയുക.' അപ്പോൾ ഗ്രാമീണൻ പറഞ്ഞു: 'എനിക്ക് ഇത് മതി.' തിരുദൂതരുടെ മറുപടി: 'അതെ, അത് തന്നെയാണ് നിനക്കുത്തമം' (അഹ്മദ്, തിർമിദി).

ധർമങ്ങളിൽ മുഴുകിയുള്ള ദീർഘായുസ്സിന് വേണ്ടി പ്രാർഥിക്കുന്നതിനും വലിയ പ്രാധാന്യമുണ്ടെന്ന് ഹദീസുകളിൽ നിന്ന് വ്യക്തമാവുന്നുണ്ട്. അനസി(റ)ന് ദീർഘായുസ്സ് നേർന്ന് കൊണ്ടുള്ള നബി(സ)യുടെ പ്രാർഥന വളരെ പ്രസിദ്ധമാണ്. ഇമാം ബുഖാരി ഇതിനെ "مَنْ دَعَا بِطُولِ العُمُر" എന്ന തലക്കെട്ടോടെ ഉദ്ധരിച്ചിട്ടുണ്ട്. അനസ് (റ) പറയുന്നു: 'ഞങ്ങൾ വീട്ടുകാർക്കിടയിലേക്ക് ചിലപ്പോൾ നബി (സ) കടന്നുവരാറുണ്ട്. ഒരു ദിനം ഞങ്ങൾക്കായി റസൂൽ പ്രാർഥിച്ചു. ഉമ്മു സുലൈം ചോദിച്ചു: 'താങ്കളുടെ കൊച്ചു സേവകൻ അനസിന് വേണ്ടി പ്രത്യേകം പ്രാർഥിക്കുന്നില്ലേ....?' അന്നേരം എന്റെ പ്രവാചകൻ എനിക്കായി ഇപ്രകാരം പ്രാർഥിച്ചു: اَللَّهُمَّ أَكْثِرْ مَالَهُ وَ وَلَدَهُ وَأَطِلْ حَيَاتَهُ وَاغْفِرْ لَهُ 'അല്ലാഹുവേ, അവന്റെ സമ്പത്തും സന്താനവും അധികരിപ്പിക്കുകയും ജീവിതം ദീർഘിപ്പിക്കുകയും പാപങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യേണമേ...!'

ഇപ്രകാരം മൂന്ന് തവണ എനിക്കു വേണ്ടി പ്രാർഥിച്ചു. മക്കളും പേരമക്കളുമടങ്ങുന്ന കുടുംബത്തിലെ 103 പേരെ മറമാടാനുള്ള അവസരം എനിക്ക് ലഭിച്ചത് ഈ പ്രാർഥനയുടെ ഫലമായിട്ടായിരുന്നു.

എന്റെ തോട്ടത്തിൽ വർഷത്തിൽ രണ്ട് തവണ വിളവെടുപ്പ് നടക്കാറുണ്ടായിരുന്നു. ജനങ്ങളെ കാണുമ്പോൾ നാണം തോന്നുന്നത്ര എന്റെ ജീവിതം നീണ്ടു. എന്റെ പ്രതീക്ഷകളത്രയും പാപമോചനത്തിലായിരുന്നു' (ബുഖാരി).

അതിനാൽ, ദീർഘായുസ്സിനായുള്ള പ്രാർഥന അഭികാമ്യമാണെന്ന് പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ഇബ്നുൽ ഖയ്യിം (റ) പറഞ്ഞു: 'ഉമർ (റ) ഒരിക്കൽ സംസാരത്തിനിടെ അലി (റ)യോട് പറഞ്ഞു: "صَدَقْتَ ، أَطَالَ اللهُ بَقَاءَكَ" (താങ്കൾ പറഞ്ഞത് സത്യമാണ്. അല്ലാഹു താങ്കൾക്ക് ദീർഘായുസ്സ് നൽകട്ടെ!).

ഒരാൾ മറ്റൊരാളുടെ ദീർഘായുസ്സിനായി പ്രാർഥിക്കുന്നതിനുള്ള തെളിവായി ഈ വാക്യമാണ് ഉദ്ധരിക്കപ്പെടുന്നത്. (*സാദുൽ മആദ്*)

എന്നാൽ, വാർധക്യത്തിന്റെ അവശതകളോടെ മറ്റുള്ളവരെ ആശ്രയിച്ച് മാത്രം ജീവിക്കേണ്ടിവരുന്ന ദുരിതാവസ്ഥയിൽ നിന്ന് റസൂൽ(സ) അഭയം തേടിയിരുന്നു.

മുസ്അബുബ്നു സഅ്ദ് പിതാവിൽ നിന്ന് ഉദ്ധരിക്കുന്നു. അദ്ദേഹം പറഞ്ഞു: 'നബി (സ) അഭയം തേടിയിരുന്ന വചനങ്ങളാൽ നിങ്ങളും അഭയം തേടുക.'

اَللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْجُبْنِ وَأَعُوذُ بِكَ مِنَ البُخْلِ وَأَعُوذُ بِكَ مِنْ أَنْ أُرَدَّ إِلَى أَرْذَلِ الْعُمُرِ وَأَعُوذُ بِكَ مِنْ فِتْنَةِ الدُّنْيَا وَعَذَابِ الْقَبْرِ.

(അല്ലാഹുവേ, ഭീരുത്വം, പിശുക്ക്, ഹീന വാർധക്യം, ഭൗതിക പരീക്ഷണങ്ങൾ, ഖബ്റിലെ ശിക്ഷ എന്നിവയിൽ നിന്നെല്ലാം നിന്നോട് ഞാൻ രക്ഷ തേടുന്നു).

അനുവദിച്ചു കിട്ടിയ ആയുസ്സിനെ ആലസ്യത്തിലും കർമ രാഹിത്യത്തിലും കഴിച്ചു കൂട്ടിയവൻ കടുത്ത വിചാരണക്കും വിധേയനാക്കപ്പെടും. ആയുഷ്ക്കാലം മുഴുവൻ കർമനിരതനായും ആരോഗ്യവാനായും ജീവിക്കാനുള്ള അത്യുൽക്കട ആഗ്രഹവും പ്രാർഥനയും വിശ്വാസിക്ക് ഉണ്ടാവണമെന്ന് ചുരുക്കം. ●

94976 62911